ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. രണ്ടുമൂന്ന് പ്രാവശ്യമെങ്കിലും ഈ വിഷയം സഭയിൽ ഉന്നയിച്ചിട്ടുണ്ട്. അതിനാവശ്യമായ കെ.എച്ച്.ആർ.ഡബ്ല്യു. എസ്.-ന്റെ ഒരു സ്ഥാപനം എന്ന നിലയിൽ ഫണ്ട് കണ്ടെത്താൻ നമുക്ക് സാധിച്ചിരുന്നില്ല. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ 'ആയുഷ്' ഡിപ്പാർട്ടുമെന്റിൽനിന്നും കുറച്ച് ഫണ്ട് കിട്ടിയിട്ടുള്ളത് ഉപയോഗപ്പെടുത്തിക്കൊണ്ട് കെ.എച്ച്.ആർ. ഡബ്ല്യു.എസ്.-ന്റെ നേതൃത്വത്തിൽ ഒരു ആയുർവ്വേദ ആശുപത്രിയും ഒരു മാസിയർ കോഴ്സ് ട്രെയിനിംഗ് സെന്ററും നടത്തുന്നതിനെ സംബന്ധിച്ച് മിക്കവാറും ഈ ഗവേണിംഗ് ബോഡിയിൽ പാസ്സാക്കാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

4. തുറവൂർ-തിരുമല ക്ഷേത്രത്തിൽ നടന്ന മോഷണം

ശ്രീ. എ. എ. ഷുക്കൂർ: സർ, ആലപ്പുഴ അനന്തനാരായണപുരം തുറവൂർ-തിരുമല ദേവസ്വത്തിലെ വിഗ്രഹത്തിൽ ചാർത്തിയിരുന്ന രണ്ട് സ്വർണ്ണ മാലകൾ കഴിഞ്ഞ വർഷം മാർച്ച് മാസത്തിൽ മോഷണം പോയിട്ടുണ്ട്. ഇതു സംബന്ധിച്ച് അവരുടെ അധികാരി ശ്രീ. വി. കൃഷ്ണവാദ്യർ ഒരു പരാതി കൊടുക്കുകയും പരാതിക്ക് കാതലായ വിഷയങ്ങൾ പോലീസിന് മുൻപാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ അന്ന് പോലീസിന്റെ ഭാഗത്തുനിന്നും ഒരു നടപടിയും സ്വീകരിക്കുകയുണ്ടായില്ല. എന്നാൽ ഇതിന്റെ പേരിൽ അധികാരികൾ (ദേവസ്വവുമായി ബന്ധപ്പെട്ടവർ) രണ്ട് ശാന്തിക്കാരെ സസ്പെന്റ് ചെയ്ത് നടപടി സ്വീകരിച്ചിരുന്നുവെങ്കിലും ആ രണ്ട് ശാന്തിക്കാരെ സംശയ ദൃഷ്ട്യാ കണ്ട് നടപടിയെടുത്ത് പോകുന്നതിനു പകരം എഫ്.ഐ.ആർ. എടുത്തതിന്മേലുള്ള നടപടികളൊന്നും ആയിട്ടില്ല. അടുത്ത ദിവസം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പാകെ പരാതി നൽകുകയും അതിന്മേൽ ഒരുത്തരവ് ഉണ്ടാകുകയും ചെയ്തു. എന്നിട്ടുപോലും പോലീസ് അധികാരികൾ യഥാർത്ഥ പ്രതികളെ പിടിക്കാനോ ഇതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാനോ തിരുമല ദേവസ്വത്തിന്റെ പരാതിയിന്മേലുള്ള നടപടികൾക്കാവശ്യമായ എന്തെങ്കിലും ചെയ്യാനോ തയ്യാറായില്ല. വിഗ്രഹത്തിൽ ചാർത്തിയിരുന്ന മോഷണം പോയ മാല ചില പ്രതികളുടെ കഴുത്തിൽ കിടക്കുന്നതായി കണ്ടുവെന്ന് പോലീസ് പറയുന്നുണ്ടെങ്കിലും അന്വേഷണം നടത്തുന്നതിൽ പോലീസിന്റെ ഭാഗത്തുനിന്നും വെറും അനാസ്ഥയാണുണ്ടായിട്ടുള്ളത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അടിയന്തരമായി ഇടപെട്ട് അന്വേഷണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, കുത്തിയതോട് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട അനന്തനാരായണപുരം തുറവൂർ-തിരുമല ദേവസ്വത്തിൽ വിഗ്രഹത്തിലെ പ്രഭാവലയത്തിൽ ചാർത്തിയിരുന്ന 37.70 ഗ്രാം തൂക്കം വരുന്ന ഒരു സ്വർണ്ണമാലയും 8 ഗ്രാം തൂക്കം വരുന്ന മറ്റൊരു മാലയും 14-3-2010-ാം തീയതിക്കും 15-4-2010-ാം തീയതിക്കുമിടയ്ക്കുള്ള സമയം മോഷണം പോയതായി ദേവസ്വം അധികാരി കൃഷ്ണവാധ്യാർ 25-4-2010-ന്

LIBRARY ARCHIVES Kerala Legislative Assembly

കുത്തിയതോട് പോലീസ് സ്റ്റേഷനിൽ ഹാജരായി മൊഴിനൽകിയതിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമം 309-ാം വകുപ്പ് പ്രകാരം കെട്ടിടത്തിനകത്ത് കയറി മോഷണം നടത്തുന്ന വകുപ്പ് പ്രകാരം 15/2010-ാം നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. നഷ്ടപ്പെട്ട മുതലുകൾക്ക് 75,000 രൂപ വില വരുമെന്ന് പരാതിപ്പെട്ടിട്ടുണ്ട്. ക്ഷേത്രം മേൽശാന്തിയായിരുന്ന പുരുഷോത്തമ വാധ്യാരുൾപ്പെടെയുള്ളവർ അധികാരമേറ്റിരുന്ന കാലയളവിലാണ് സ്വർണ്ണമാലകൾ മോഷ്ടിക്കപ്പെട്ടതെന്ന് പരാതിയിൽ പറഞ്ഞിട്ടുള്ളതിനാൽ പുരുഷോത്തമ വാധ്യാരെ പ്രതി ചേർത്താണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ കേസിന്റെ അന്വേഷണത്തിൽ ,14-3-2010-ാം തീയതിക്കും 15-4-2010-ാം തീയതിക്കുമിടയിൽ മേൽശാന്തിമാരായി സ്ഥാനം വഹിച്ചിരുന്ന ശ്രീ. സോമകുമാർ ഭട്ട്, ശ്രീ. പുരുഷോത്തമ വാധ്യാർ എന്നിവരാണ് ആഭരണം കാണാതെ പോയതിന് ഉത്തരവാദികളെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ ശ്രീ. സോമകുമാർ ഭട്ടിനെ ഒന്നാം പ്രതിയാക്കിയും ശ്രീ. പുരുഷോത്തമ വാധ്യാരെ രണ്ടാം പ്രതിയാക്കിയും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 34-ാം വകുപ്പ് കൂട്ടിച്ചേർത്ത് ബഹുമാനപ്പെട്ട കോടതിക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. കുത്തിയതോട് പോലീസ് സബ് ഇൻസ്പെക്ടറാണ് ഈ കേസ്സിന്റെ അന്വേഷണം നടത്തിവരുന്നത്. അന്വേഷണ സംബന്ധമായി ഏതാണ്ട് ഇരുപത്തിയഞ്ചോളം ആൾക്കാരെ കണ്ട് ചോദിക്കുകയുമുണ്ടായി. ഈ കേസ്സിലെ ഒന്നാം പ്രതിയായ ശ്രീ. സോമകുമാർ ഭട്ട് 11-6-2010-ന് ആലപ്പുഴ ജില്ലാ സെഷൻസ് കോടതിയിൽ സമർപ്പിച്ച മുൻകൂർ ജാമ്യാപേക്ഷ പോലീസിന്റെ എതിർപ്പിനെത്തുടർന്ന് തള്ളുകയുണ്ടായി. തുടർന്ന് ടിയാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 17-7-2010 -ാം തീയതിക്ക് മുൻകൂർ ജാമ്യാപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ അപേക്ഷയിൽ വാദം കേട്ട ബഹുമാനപ്പെട്ട ഹൈക്കോടതി അദ്ദേഹത്തിനെ അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാകാനും പോലീസിനോട് ഇയാളെ വിശദമായി ചോദ്യം ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുവാനും ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് 4-8-2010-ന് ശ്രീ. സോമകുമാർ ഭട്ട് പോലീസിന് മുമ്പാകെ ഹാജരായി മൊഴിനൽകി. എന്നാൽ നഷ്ടപ്പെട്ട മുതലുകളെക്കുറിച്ച് വ്യക്തമായ മറുപടി പറയാതിരുന്നതിനാലും അന്വേഷണവുമായി സഹകരിക്കാതിരുന്നതിനാലും അയാളുടെ ജാമ്യാപേക്ഷ തള്ളിക്കളയണമെന്നപേക്ഷിച്ച് അന്വേഷണ ഉദ്യോഗസ്ഥൻ 5-8-2010-ന് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് പരിഗണിച്ച കോടതി ശ്രീ. സോമകുമാർ ഭട്ടിനോട് പോലീസിന്റെ മുമ്പിൽ കീഴടങ്ങാൻ നിർദ്ദേശിക്കുകയും ഇത് സംബന്ധിച്ച് മറ്റൊരു ജാമ്യാപേക്ഷ പരിഗണിക്കുകയില്ലെന്ന് ഉത്തരവാകുകയും ചെയ്തു. എന്നാൽ കോടതി നിർദ്ദേശം പാലിക്കാതെ അയാൾ ഒളിവിൽ കഴിയുകയാണ്. 2-ാം പ്രതി ശ്രീ. പുരുഷോത്തമ വാധ്യാരും ഇപ്പോൾ ഒളിവിലാണ്. അയാൾ ഒരു കോടതി മുമ്പാകെയും മുൻകൂർ ജാമ്യാപേക്ഷ സമർപ്പിച്ചിട്ടില്ല. ഒളിവിൽ കഴിയുന്ന പ്രതികളെ എത്രയും പെട്ടെന്ന് പിടികൂടുന്നതിനായി കുത്തിയതോട് പോലീസ് സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഊർജ്ജിത ശ്രമങ്ങൾ നടന്നുവരുന്നു. അതുകൊണ്ട് പോലീസിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം സഭയിൽ ഉന്നയിച്ച പരാതി അടിസ്ഥാന രഹിതമാണ്.

LIBRARY ARCHIVES Kerala Legislative Assembly